©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ഞായർ<br>Thiruvananthapuram, Sunday | 2015 ജനുവരി 25<br>25th January 2015<br>1190 മകരം 11<br>11th Makaram 1190<br>1936 മാഘം 5<br>5th Magha 1936 | നമ്പർ<br>No. | 187 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

## വിജ്ഞാപനം

നമ്പർ ഇഎം 3/13(9)/2014/തസ്വഭവ. *തിരുവനന്തപുരം, 2015 ജനുവരി 25*
*1190 മകരം, 11.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ബി), (സി) എന്നീ ഖണ്ഡങ്ങൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 92/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം V ഭാഗികമായി

ഭേദഗതി ചെയ്തുകൊണ്ടും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (2)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഉൾപ്പെടുന്ന (3)-ാം കോളത്തിൽ പറയുന്ന പ്രദേശങ്ങളെ ഒഴിവാക്കി (4)-ാം കോളത്തിൽ പറയുന്ന പ്രകാരം പുതിയ മുനിസിപ്പാലിറ്റികളായി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാനും അതിന് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽനിന്നോ, ഗ്രാമപഞ്ചായത്തുകളിൽനിന്നോ മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിയ്ക്കകം അയച്ചുതരേണ്ടതാണ്.

## പട്ടിക

| ജില്ല | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ഒഴിവാക്കപ്പെടുന്ന പ്രദേശം | പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന മുനിസിപ്പാലിറ്റി | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | തിരുവനന്തപുരം | വാർഡ്—1 (കഴക്കൂട്ടം)<br>വാർഡ്—2 (ചന്തവിള)<br>വാർഡ്—3 (കാട്ടായിക്കോണം)<br>വാർഡ്—4 (ശ്രീകാര്യം)<br>വാർഡ്—8 (ചെല്ലമംഗലം)<br>വാർഡ്—9 (ചെമ്പഴന്തി)<br>വാർഡ്—10 (പൗഡിക്കോണം)<br>വാർഡ്—11 (ഞാണ്ടൂർക്കോണം)<br>വാർഡ്—97 (കുളത്തൂർ)<br>വാർഡ്—98 (ആറ്റിപ്ര)<br>വാർഡ്—99 (പൗണ്ട് കടവ്)<br>വാർഡ്—100 (പള്ളിത്തുറ) | കഴക്കൂട്ടം | കഴക്കൂട്ടം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| കോഴിക്കോട് | കോഴിക്കോട് | വാർഡ്—40 (അരീക്കാട് നോർത്ത്)<br>വാർഡ്—41 (അരീക്കാട്)<br>വാർഡ്—42 (നല്ലളം)<br>വാർഡ്—43 (കൊളത്തറ)<br>വാർഡ്—44 (കുണ്ടായിത്തോട്)<br>വാർഡ്—45 (ചെറുവണ്ണൂർ ഈസ്റ്റ്)<br>വാർഡ്—46 (ചെറുവണ്ണൂർ വെസ്റ്റ്)<br>(മുൻ ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശം) | ചെറുവണ്ണൂർ-നല്ലളം | ചെറുവണ്ണൂർ-നല്ലളം |
| കോഴിക്കോട് | കോഴിക്കോട് | വാർഡ്—47 (ബേപ്പൂർ പോർട്ട്)<br>വാർഡ്—48 (ബേപ്പൂർ)<br>വാർഡ്—49 (മാറാട്)<br>വാർഡ്—50 (നടുവട്ടം)<br>വാർഡ്—51 (പുഞ്ചപ്പാടം)<br>വാർഡ്—52 (അരക്കിണർ)<br>വാർഡ്—53 (മാത്തോട്ടം)<br>(മുൻ ബേപ്പൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശം) | ബേപ്പൂർ | ബേപ്പൂർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*